Special Mention and Reply

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നേരത്തെ സഭയിൽ ഉന്നയിച്ച ഒരു പ്രശ്നമാണ് എനിക്ക് പറയാനുള്ളത്. നാട്ടിക ടോൾ പ്ലാസയിലെ ടോൾ പിരിവുമായി ബന്ധപ്പെട്ട് ഇന്ന് യു.ഡി.എഫ്., എൽ.ഡി.എഫ്., ബി.ജെ.പി. തുടങ്ങിയ എല്ലാ രാഷ്ട്രീയ പാർട്ടികളെയും കളക്ടർ ഒരു ചർച്ചയ്ക്ക് വിളിച്ചിരുന്നു. പക്ഷേ, അതേ സമയത്തുതന്നെ അവർ ടോൾ കളക്ഷൻ തുടങ്ങിയിരുന്നു. അതിനെത്തുടർന്ന് അവിടെ ചെറിയ പ്രതിഷേധവും പോലീസ് ലാത്തിച്ചാർജും ഉണ്ടായി. പരിക്കുപറ്റിയ നിസാർ എന്ന് പേരുള്ള ഒരു വ്യക്തിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ഇന്ന് രാവിലെ ശ്രദ്ധക്ഷണിക്കലിൽ ഉന്നയിച്ച അതേ വിഷയം തന്നെയാണിത്. അത് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. കെ. രാജൻ: സർ, നാട്ടികയിൽ ടോൾ പിരിവ് നിർത്തിവയ്ക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി കർശനമായി നിർദ്ദേശിച്ചിരുന്നു. ഞങ്ങൾ എല്ലാവരും അദ്ദേഹത്തോട് പറഞ്ഞതുപ്രകാരം ആദ്യം ഒരു തവണ നിർത്തിവച്ചെങ്കിലും വീണ്ടും ആരംഭിച്ചു. ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹം കർശനമായ നിർദ്ദേശം നൽകിയതാണ്.

എന്നാൽ, ഇപ്പോൾ ഏഷ്യാനെറ്റ് ഉൾപ്പെടെയുള്ള ചാനലുകളിൽ കാണിക്കുന്നത്, ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ നിർദേശം കൊടുത്തിട്ടും അതിനെ മറികടന്നുകൊണ്ട് ചീഫ് സെക്രട്ടറി അവിടെ ടോൾ പിരിവ് നടത്താൻ അനുവദിച്ചു എന്ന വാർത്തയാണ്. അത് യാഥാർഥ്യമാണെങ്കിൽ ചെയ്തത് ശരിയല്ലാത്ത കാര്യമാണ്. കാരണം ബഹുമാനപ്പെട്ട മന്ത്രി ഒരു തീരുമാനമെടുത്താൽ അതിനെക്കാൾ മുകളിൽ നിർദേശം കൊടുക്കാൻ ചീഫ് സെക്രട്ടറിക്ക് അനുവാദമില്ല. ഇന്ന് അവിടെ വലിയ ലാത്തിച്ചാർജ് നടന്നു. സി.പി.ഐ.-യുടെ ജില്ലാ സെക്രട്ടറി ഉൾപ്പെടെയുള്ളവർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. ഈ വിഷയത്തിൽ അങ്ങ് ഗൗരവമായി ഇടപെടണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, പ്രസ്തുത വിഷയത്തിൽ തീർച്ചയായും ഇടപെടാം. അവരോട് സംസാരിച്ച് തീരുമാനമെടുക്കണമെന്ന് ജില്ലാ കളക്ടറോട് നിർദേശിച്ചിരുന്നതാണ്. 21 കിലോമീറ്റർ സ്ട്രെച്ചുള്ള ഒരു റോഡാണത്. കേന്ദ്ര ഉപരിതല ഗതാഗത-ഹൈവേ മന്ത്രാലയം ടോൾ പിരിക്കണമെന്നുള്ള നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ടോൾ പിരിവ് നിർത്താൻ പാടില്ലെന്ന ശക്തമായ നിലപാട് കേന്ദ്ര സർക്കാരും

സ്വീകരിച്ചിരിക്കുന്നത്. ജനങ്ങളുടെ പരാതികൾകൂടി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. സമരസമിതിക്കാരെ എല്ലാവരെയും വിളിച്ചുചേർത്ത് ചർച്ച ചെയ്യാൻ ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

ശ്രീ. എൻ. കെ. അക്ബർ: സർ, സഭ സമ്മേളിക്കുമ്പോൾ കളക്ടർ മീറ്റിങ് വിളിച്ച നടപടി ഒട്ടും ശരിയായില്ല.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, പ്രക്ഷോഭം ഉണ്ടായതുകൊണ്ടാണ് മീറ്റിങ് വിളിച്ചത്. (മൈക്ക് ഓഫ്)

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ഒക്ടോബർ 14-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ഒക്ടോബർ 14-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കശേഷം 1.48-ന് പിരിഞ്ഞു.)

* * * * * * * * *